**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2336** **14-10-2024 - ൽ മറുപടിയ്ക്ക്**

**പെർമിറ്റും ഒക്കുപൻസി സർട്ടിഫിക്കറ്റും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമപഞ്ചായത്തുകളിൽ പെർമിറ്റും ഒക്കുപൻസി സർട്ടിഫിക്കറ്റും എത്ര ദിവസത്തിനകം നൽകണമെന്നാണ് ചട്ടങ്ങളിലും മറ്റും വ്യവസ്ഥ ചെയ്തിരിക്കുന്നതെന്ന് വിശദീകരിക്കുമോ; | (എ) | മതിയായ രേഖകൾ സഹിതം ന്യൂനതകൾ ഇല്ലാതെ അപേക്ഷ സമർപ്പിക്കുന്ന പക്ഷം 15 ദിവസങ്ങൾക്കകം പെർമിറ്റ് / ഒക്കുപൻസി സർട്ടിഫിക്കറ്റും നൽകുന്നതാണ്. |
| (ബി) | റവന്യൂ വകുപ്പ് മുഖേന ഈടാക്കുന്ന കെട്ടിട നികുതി ഒടുക്കാതെ ഒക്കുപൻസി സർട്ടിഫിക്കറ്റ് നല്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉദ്യോഗസ്ഥർ ഇപ്രകാരം നിർദ്ദേശിക്കുന്നതിനെ കുറിച്ച് അന്വേഷിക്കുമോ; | (ബി) | 09/07/2015-ലെ സ.ഉ (എം.എസ്)നം. 231/15/ തസ്വഭവ പ്രകാരം 1975-ലെ കേരള കെടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരം ഉള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ രേഖ ഹാജരാക്കിയാൽ മാത്രം നികുതി നിർണ്ണയം നടത്തുന്നതാണ്. |
| (സി) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ട് പിരിക്കുന്ന ചുമതല ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ടോയെന്നും വിഹിതം ഒടുക്കാതെ ഒക്കുപൻസി സർട്ടിഫിക്കറ്റ് നൽകുവാൻ കഴിയുമോയെന്നും വ്യക്തമാക്കുമോ; | (സി) | 14/02/2024-ലെ സ.ഉ.(കൈ) നം.23/2024/ തസ്വഭവ പ്രകാരം കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിനു അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ്നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവ് പൂർണമായും, ഒറ്റ ഘട്ടമായി, ഒക്യൂപൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപ് തന്നെ പിരിച്ചെടുക്കേണ്ടതാണെന്നും, ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് അടച്ചു എന്ന് ബന്ധപ്പെട്ട സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ഡി) | പഞ്ചായത്ത് ചട്ടങ്ങളിലൂടെയും ഉത്തരവുകളിലൂടെയും കാലാവധി നിശ്ചയിച്ചിട്ട് മറ്റ | (ഡി) | കാലാകാലങ്ങൾ പുറപ്പെടുവിക്കുന്ന നിയമങ്ങളുടെയും ചട്ടങ്ങളുടെയും |

| | | | |
|---|---|---|---|
| | വകുപ്പുകളുടെ നികുതി/ ക്ഷേമനിധി വിഹിതം ഈടാക്കുന്നതിനായി പൊതു ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് നിയമാനുസൃതമാണോ എന്ന് പരിശോധിക്കുമോ; | | അടിസ്ഥാനത്തിലാണ് നികുതി / ക്ഷേമനിധി വിഹിതം എന്നിവഈടാക്കുന്നത്. |
| (ഇ) | ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; | (ഇ) | കൃത്യമായ അപേക്ഷകളിൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നില്ല. |
| (എഫ്) | ഒക്കുപൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റിയുടെ നിരാക്ഷേപ പത്രം നിർബന്ധമാക്കിയത് അടക്കമുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (എഫ്) | ദേശീയ പാതയുമായി ബന്ധപ്പെട്ട സർവീസ് റോഡുകളുടെ വശങ്ങളിൽ താമസാവശ്യത്തിനായി നിർമ്മിക്കുന്ന വീട്ടുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള കെട്ടിട നിർമ്മാണ അനുമതിക്കായി നാഷണൽ ഹൈവേ അതോറിറ്റിയുടെ ആക്സസ് പെർമിറ്റ് നേടിയിരിക്കണമെന്ന് നിഷ്കർഷിക്കേണ്ടതില്ലെന്നും കെട്ടിടനിർമ്മാണ ചട്ടങ്ങളിലും നഗരാസൂത്രണ പദ്ധതികളിലും (ബാധകമായ ഇടങ്ങളിൽ) നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്ന പക്ഷം കെടിടനിർമ്മാണ പെർമിറ്റ് സമയപരിധിക്കുള്ളിൽ തന്നെ നൽകേണ്ടതാണെന്നും നിർദേശം നൽകിക്കൊണ്ട്സർക്കുലർ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ